2654
18/2/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം -കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന ഡോ.കെ.എസ്.രാധാകൃഷ്ണന് 31.01.2013 ലെ സ.ഉ(കൈ) നം.25/2013/ഉ.വി.വ പ്രകാരം അനുവദിച്ച നൽകിയ പെൻഷൻ പുനർനിർണ്ണയം റദ്ദ് ചെയ്തും, ടിയാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് മുമ്പുള്ള അർഹതപ്പെട്ട പെൻഷൻ പുന:സ്ഥാപിച്ചും, അധികമായി അനുവദിക്കപ്പെട്ട തുക തിരിച്ചീടാക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.88/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 12/02/2021

പരാമർശം:- 1 സ.ഉ(കൈ) നം. 25/2013/ഉ.വി.വ തിയതി 31.03.2013.

2 ശ്രീ.പി.ഏ.ആന്റണി 03.10.2016 -ൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം.

3..കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 18 /03/2020 തീയതിയിലെ എൻ 4 /30446 /2011 /കോ .വി .ഡ. നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന ഡോ.കെ.എസ്.രാധാകൃഷ്ണന്റെ പെൻഷൻ ആനുകൂല്യങ്ങൾ പരാമർശം(1) പ്രകാരം ചുവടെ കാണും വിധം പുനർനിർണ്ണയം ചെയ്തുകൊണ്ട് ഉത്തരവായിരുന്നു.

i) ഡോ.കെ.എസ്.രാധാകൃഷ്ണന് വോളണ്ടറി റിട്ടയർമെന്റ് തീയതിയായ 10.12.2008 - ൽ അക്കൗണ്ടന്റ് ജനറൽ അനുവദിച്ച 23,318 രൂപ പെൻഷൻ അനുവദിച്ച് അതനുസരിച്ചുള്ള പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി, ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങൾ കണക്കാക്കി ഉടനടി നല്കുന്നതാണ്.

ii) 10.12.2008 മുതൽ, പി.എസ്.സി ചെയർമാനായി നിയമിതനായ 12.08.2011 വരെ 23,318 രൂപയിൽ നിന്ന് കമ്മ്യൂട്ടേഷൻ കഴിച്ചുള്ള തുകയും കാലാകാലങ്ങളിൽ ഉള്ള ഡിയർനസ്സ് റിലീഫും നൽകുന്നതാണ്.

iii) 12.08.2011 മുതൽ പി.എസ്.സി ചെയർമാൻ തസ്തികയിൽ നിന്നും വിരമിക്കുന്നതുവരെ പെൻഷൻ നൽകാതെ, പി.എസ്.സി ചെയർമാൻ എന്ന നിലയ്ക്കുള്ള മുഴുവൻ ശമ്പളം മാത്രമായിരിക്കും ലഭിക്കുക.

iv) പി.എസ്.സി ചെയർമാൻ തസ്തികയിൽ നിന്നും വിരമിക്കുമ്പോൾ, 10.12.2008 (വോളണ്ടറി റിട്ടയർമെന്റ് തീയതി) മുതൽ 12.08.2011 (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായുള്ള നിയമന തീയതി) വരെയുള്ള സർവ്വീസ് ബ്രേക്ക് കാലയളവ് മാപ്പാക്കിക്കൊണ്ട്, അദ്ദേഹത്തിന്റെ സർക്കാർ, പി.എസ്.സി എന്നിവിടങ്ങളിലെ സേവനകാലം ഒരുമിച്ച് കണക്കാക്കി കെ.പി.എസ്.സി ചെയർമാന്റെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ശരാശരി വേതനം അനുമാനിച്ച്, സർക്കാരിന്റെ പരമാവധി പെൻഷനിൽ (ഇന്ന് 29920/- രൂപ) പരിമിതപ്പെടുത്തി, ടിയാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ പദവി ഒഴിയുന്ന തീയതി മുതൽ പ്രാബല്യത്തിൽ പുതുക്കിയ പെൻഷൻ അനുവദിക്കുന്നതാണ്.

v) അതോടൊപ്പം ഈ നിരക്കിൽ (സംസ്ഥാന സർവ്വീസിലുള്ള പരമാവധി പെൻഷൻ) പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി എന്നിവ പുനർ നിർണ്ണയിച്ച് അതിൽ നിന്നും ഉപഖണ്ഡിക (i) - ൽ പറയുന്ന പ്രകാരമുള്ള തുക കുറവ് ചെയ്ത് വരുന്ന ബാക്കി തുക നല്കുന്നതാണ്.

2) എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന ഡോ.കെ.എസ്.രാധാകൃഷ്ണന് അനർഹമായ പെൻഷൻ ആനുകൂല്യം നൽകുക വഴി സർക്കാർ ഖജനാവിന് നഷ്ടം വരുന്ന

സാഹചര്യമുണ്ടായതിനാൽ പരാമർശം(1) സർക്കാർ ഉത്തരവ് റദ്ദ ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ.പി.എ.ആന്റണി പരാമർശം(2) പ്രകാരം ബഹു.മുഖ്യമന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ റീഡറായിരിക്കെയാണ് ഡോ.കെ.എസ്. രാധാകൃഷ്ണൻ കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസിലർ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോയതും 09.12.2008 ൽ സ്വയം വിരമിക്കുകയും ചെയ്തത്. കെ എസ് ആർ ഭാഗം 3 ചട്ടം 62 ന കീഴിലെ റൂളിംഗ് 1 പ്രകാരവും കെ എസ് ആർ ഭാഗം 1 അദ്ധ്യായം XI ലെ അന്യസർവ്വീസ് സേവന ചട്ടങ്ങൾ പ്രകാരവും ഡെപ്യൂട്ടേഷനിലായിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ അന്യ സർവ്വീസ് സേവനത്തിൽ വാങ്ങിച്ച ശമ്പളം യാതൊരു കാരണവശാലും പെൻഷനു വേണ്ടിയുള്ള വേതനമായി കണക്കാക്കുന്നതല്ല. ഇത്തരം കേസുകളിൽ ആ ഉദ്യോഗസ്ഥൻ അങ്ങനെയുള്ള അന്യസർവ്വീസിൽ അല്ലായിരുന്നെങ്കിൽ വാങ്ങുമായിരുന്ന ശമ്പളം മാത്രമാണ് പെൻഷൻ ആവശ്യത്തിനു വേതനമായി കണക്കാക്കേണ്ടത് എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇതിൽ നിന്നും ഡോ.കെ.എസ്.രാധാകൃഷ്ണനു കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസിലർ തസ്തികയിലെ അന്യസർവ്വീസ് കാലയളവിലെ ശമ്പളം പെൻഷനു പരിഗണിക്കുവാൻ പാട്ടുള്ളതല്ല എന്നു വ്യക്തമാണ് .സർക്കാർ സർവ്വീസിൽ നിന്നും 09.12.2008 ൽ സ്വയം വിരമിച്ചതിനു ശേഷം 13.08.2011 ൽ ഡോ.കെ.എസ്.രാധാകൃഷ്ണൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായി നിയമിതനായി. കെ എസ് ആർ ഭാഗം 3 ചട്ടം 92 പ്രകാരം ഇന്ത്യ ഗവൺമെന്റിന്റെയോ ഏതെങ്കിലും മറ്റ് സംസ്ഥാന സർക്കാരിന്റേയോ ജോലിയിൽ മുൻപ് ഏർപ്പെട്ടിരുന്ന ഒരാൾ, സംസ്ഥാന സർവ്വീസിലോ ഒരു ലോക്കൽ ഫണ്ടിന്റെ സർവ്വീസിലോ താല്ക്കാലികമോ സ്ഥിരമോ ആയി പുനർനിയമനം നേടുമ്പോൾ, അയാളുടെ മുൻ ജോലിയിൽനിന്നും ലഭിച്ച ഗ്രാറ്റുവിറ്റിയും ബോണസും പെൻഷനും സംബന്ധിച്ച തുക പ്രഖ്യാപിക്കുവാൻ അയാൾ ബാദ്ധ്യസ്ഥനാകുന്നു. പുനർനിയമന ഉത്തരവിൽ, പെൻഷനിൽ നിന്നും അല്ലെങ്കിൽ ശമ്പളത്തിൽ നിന്നും എന്തെങ്കിലും തുക കുറയ്ക്കേണ്ടതായിട്ടുണ്ടോ എന്ന വസ്തുത വ്യക്തമാക്കേണ്ടതും ഇങ്ങനെയുള്ള ഉത്തരവിന്റെ ഒരു പ്രതി ഓഡിറ്റ് ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ചട്ടം 100 പ്രകാരം വിരമിച്ച ഒരു സംസ്ഥാന സർക്കാർ ജീവനക്കാരന്റെ പുനർ നിയമന ശമ്പളം അയാൾ വിരമിച്ച സമയത്ത് വാങ്ങിച്ച ശമ്പളത്തിൽ നിന്നും അടിസ്ഥാന പെൻഷൻ കുറച്ചുള്ള തുകയായിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിരിക്കുന്നു . ഇതിൽ നിന്നും, പരാമർശം (1) ഉത്തരവ് ഖണ്ഡിക (iv) പ്രകാരം ഡോ.കെ.എസ്.രാധാകൃഷ്ണന് സർക്കാർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവിടങ്ങളിലെ സേവനകാലം ഒരുമിച്ച് കണക്കാക്കി പി.എസ്.സി ചെയർമാന്റെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ശരാശരി വേതനം അനുമാനിച്ച് സർക്കാരിന്റെ പരമാവധി പെൻഷനിൽ പരിമിതപ്പെടുത്തി പെൻഷൻ അനുവദിച്ചത് ചട്ട പ്രകാരമല്ല എന്നു വ്യക്തമാവുന്നു .

4) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് മുമ്പുള്ള ടിയാന്റെ പെൻഷന്റെ വിശദാംശങ്ങൾ പരാമർശം 3 പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു .

| | |
|---|---|
| Last Pay | Rs. 54,580 /- |
| Pension (with effect from 10.12.2008) | Rs. 23,318 /- |
| Amount commuted | Rs. 9,327 /- |
| Commuted value of Pension | Rs 13,12,869/- |
| DCRG | Rs 7,00,000/- |

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ തസ്തികയിൽ നിന്നും പിരിഞ്ഞ ശേഷമുള്ള പെൻഷൻ പുനർ നിർണ്ണയവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| Last Pay | Rs 76,450 /- |
| Pension (with effect from 31.10.2016) | Rs 48,546 /- |
| Amount commuted | Rs 15,290 /- |
| Commuted value of pension | Rs 16,78,842/- |
| Reduced Pension | Rs.33,256/- |
| Gross DCRG | Rs 14,00,000/- |

5) മേൽ സാഹചര്യത്തിൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന ഡോ.കെ.എസ്.രാധാകൃഷ്ണന് പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച നൽകിയ പെൻഷൻ പുനർനിർണ്ണയം റദ്ദാക്കിയും, ടിയാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് മുമ്പുള്ള അർഹതപ്പെട്ട പെൻഷൻ പുന:സ്ഥാപിച്ചും, അധികമായി അനുവദിക്കപ്പെട്ടതും ടിയാൻ കൈപ്പറ്റിയതുമായ തുക കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 117 A പ്രകാരം തിരിച്ചീടാക്കാൻ തീരുമാനിച്ചും ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വേണു വി ഐഎഎസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (01.11.2017 - ലെ Edn-C4/127/2017-Fin നം.കുറിപ്പ് പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ്(10.2.2021-ലെ ഇനം നം:4601 പ്രകാരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (21.11.2017 - ലെ Adv-B3/167/2017-P&ARD നം.കുറിപ്പ് പ്രകാരം)
നിയമ വകുപ്പ് (19.10.2020 - ലെ 12495/Opinion F1/2020/Law നം.കുറിപ്പ് പ്രകാരം)
നോഡൽ ഓഫീസർ, www.highereducation.kerala.gov.in
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ/ ഡയറക്ടർ, ഐ&പി.ആർ.ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്: ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4975379/2021/(F) (H.Edn)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-02-2021

ഫയൽ നം.എഫ്1/241/2016/ഉ.വി.വ. ഇനം നം: 4601

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന ഡോ.കെ.എസ്. രാധാകൃഷ്ണന് അനുവദിച്ചു നൽകിയ പുതുക്കിയ പെൻഷൻ പുനർനിർണ്ണയം റദ്ദ് ചെയ്ത് അധികമായി അനുവദിക്കപ്പെട്ട തുക തിരിച്ചീടാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്

Office of the Additional Chief Secretary * Higher Education & Environment Departments * 11/2/2021

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എഫ്1/241/2016/ഉ.വി.വ |
| 2 | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് |
| 3 | വിഷയം | : | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന ഡോ.കെ.എസ്.രാധാകൃഷ്ണന് അനുവദിച്ച നല്കിയ പുതുക്കിയ പെൻഷൻ പുനർനിർണ്ണയം റദ്ദ് ചെയ്ത് അധികമായി അനുവദിക്കപ്പെട്ട തുക തിരിച്ചീടാക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18/01/2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ഹരികുമാർ.ജി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഉഷ ടൈറ്റസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 28/01/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08/02/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.കെ.ടി.ജലീൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09/02/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 09/02/2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന ഡോ.കെ.എസ്.രാധാകൃഷ്ണന് സർക്കാർ 31.01.2013 ലെ സ.ഉ(കൈ) നം.25/2013/ഉ.വി.വ പ്രകാരം അനുവദിച്ച നൽകിയ പുതുക്കിയ പെൻഷൻ റദ്ദാക്കി ടിയാൾ പി.എസ്.സി ചെയർമാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് മുമ്പുള്ള പെൻഷൻ പുന:സ്ഥാപിച്ച് അധികമായി അനുവദിക്കപ്പെട്ട തുക തിരിച്ചീടാക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ റീഡർ തസ്തികയിൽ ജോലി നോക്കി വരവെ 10.12.2004 - ൽ നാലു വർഷത്തെ കാലാവധിയിൽ ഡോ.കെ.എസ്.രാധാകൃഷ്ണനെ കാലടി ശ്രീ.ശങ്കരാചാര്യ സർവ്വകലാശാലയുടെ വൈസ് ചാൻസലർ പദവിയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. എന്നാൽ 09.12.2008 പ്രാബല്യത്തിൽ ടിയാൻ സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള മുൻകൂർ അപേക്ഷ നല്കുകയുണ്ടായി. വൈസ് ചാൻസലർ തസ്തികയിലെ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിക്കുന്നതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് തിരികെ പോകണമെന്ന് കാണിച്ച് സർക്കാർ ഉത്തരവ് നല്കുകയുണ്ടായി. ഈ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ടും പ്രൊറേറ്റ പെൻഷൻ അടക്കം, എല്ലാ സർവ്വീസ് രേഖകളും സർവ്വകലാശാലയ്ക്ക് കൈമാറുവാൻ കൈക്കൊണ്ട സർക്കാർ തീരുമാനം റദ്ദ് ചെയ്യുന്നതിനായും ടിയാൻ ഹൈക്കോടതിയിൽ (WP(C) No.29674/2008, WP(C)1411/2009 എന്നീ കേസുകൾ ഫയൽ ചെയ്തു. മേൽപ്പറഞ്ഞ രണ്ട് ഹർജികളിലേയും അപേക്ഷ കണക്കിലെടുത്തുകൊണ്ട് 09.12.2008 മുതൽ ഡോ.രാധാകൃഷ്ണൻ സർവ്വീസിൽ നിന്നും സ്വമേധയാ വിരമിച്ചതായി കണക്കാക്കുവാനും, രണ്ട് മാസത്തിനുള്ളിൽ അദ്ദേഹത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാനും 21.10.2010

-ൽ ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചു. അതുപ്രകാരം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഡോ.രാധാകൃഷ്ണന് റീഡർ തസ്തികയിൽ അനുവദനീയമായ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനുള്ള നിർദ്ദേശം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നല്കികൊണ്ട് സർക്കാർ കോടതിവിധി പാലിക്കുകയുണ്ടായി. എന്നാൽ 21.10.2010 - ലെ കോടതി വിധി സർക്കാർ നടപ്പാക്കിയിട്ടില്ലെന്ന് ആരോപിച്ചുകൊണ്ട് ഡോ.രാധാകൃഷ്ണൻ ബഹു.ഹൈക്കോടതിയിൽ കോടതി അലക്ഷ്യകേസ് ഫയൽ ചെയ്തു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ വൈസ് ചാൻസലറുടെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നല്കണമെന്നായിരുന്നു ഡോ.കെ.എസ്.രാധാകൃഷ്ണൻ അവകാശപ്പെട്ടത്. ഡോ.രാധാകൃഷ്ണൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആണ് വൈസ് ചാൻസലറായി നിയമിതനായത് എന്നതിനാലും ടിയാന്റെ ലീൻ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിൽക്കുന്നു എന്നതിനാലും ടിയാന് റീഡർ/ സെലക്ഷൻ ഗ്രേഡ് ലക്ചറർ തസ്തികയിൽ ഉള്ള പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള അർഹതയേ ഉള്ളൂ എന്ന് കണ്ടെത്തിയതിനാലാണ് 08.12.2010-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ഇത് തികച്ചും നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസരിച്ചുള്ള തീരുമാനവും ആയിരുന്നു.

3) എന്നാൽ 16.02.2012-ൽ ചേർന്ന മന്ത്രിസഭായോഗം ശ്രീ.കെ.എസ്.രാധാകൃഷ്ണന് വൈസ് ചാൻസലറുടെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നല്കുവാൻ തീരുമാനിച്ചുവെങ്കിലും, 16/02/2012-ലെ മന്ത്രിസഭാ തീരുമാനം 04/04/2012 ലെ മന്ത്രിസഭായോഗം പുനഃപരിശോധിക്കുകയും, മന്ത്രിസഭ മുൻപ് കൈക്കൊണ്ട തീരുമാനം നടപ്പിലാക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. എന്നാൽ ഈ തീരുമാനം അനുചിതമാണെന്ന് ബന്ധപ്പെട്ട വകുപ്പ് വീണ്ടും അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തീരുമാനം പുന:പരിശോധിക്കുകയും 23/01/2013 -ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ വിവരിക്കും പ്രകാരം ഡോ.കെ.എസ്.രാധാകൃഷ്ണന്റെ പെൻഷൻ സ.ഉ (എം.എസ്) 25/2013/ഉ.വി.വ തീയതി 31.01.2013 പ്രകാരം നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തു.

**i)** ഡോ.കെ.എസ്.രാധാകൃഷ്ണന് വോളണ്ടറി റിട്ടയർമെന്റ് തീയതിയായ 10.12.2008 - ൽ അക്കൗണ്ടന്റ് ജനറൽ അനുവദിച്ച 23,318 രൂപ പെൻഷൻ അനുവദിച്ച് അതനുസരിച്ചുള്ള പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി, ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങൾ കണക്കാക്കി ഉടനടി നല്കുന്നതാണ്.

**ii)** 10.12.2008 മുതൽ, പി.എസ്.സി ചെയർമാനായി നിയമിതനായ 12.08.2011 വരെ 23,318 രൂപയിൽ നിന്ന് കമ്മ്യൂട്ടേഷൻ കഴിച്ചുള്ള തുകയും കാലാകാലങ്ങളിൽ ഉള്ള ഡിയർനസ്സ് റിലീഫും നൽകുന്നതാണ്.

**iii)** 12.08.2011 മുതൽ പി.എസ്.സി ചെയർമാൻ തസ്തികയിൽ നിന്നും വിരമിക്കുന്നതുവരെ പെൻഷൻ നൽകാതെ, പി.എസ്.സി ചെയർമാൻ എന്ന നിലയ്ക്കുള്ള മുഴുവൻ ശമ്പളം മാത്രമായിരിക്കും ലഭിക്കുക.

**iv)** പി.എസ്.സി ചെയർമാൻ തസ്തികയിൽ നിന്നും വിരമിക്കുമ്പോൾ, 10.12.2008 (വോളണ്ടറി റിട്ടയർമെന്റ് തീയതി) മുതൽ 12.08.2011 (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായുള്ള നിയമന തീയതി) വരെയുള്ള സർവ്വീസ് ബ്രേക്ക് കാലയളവ് മാപ്പാക്കിക്കൊണ്ട്, അദ്ദേഹത്തിന്റെ സർക്കാർ, പി.എസ്.സി എന്നിവിടങ്ങളിലെ സേവനകാലം ഒരുമിച്ച് കണക്കാക്കി കെ.പി.എസ്.സി ചെയർമാന്റെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ശരാശരി വേതനം അനുമാനിച്ച്, സർക്കാരിന്റെ പരമാവധി പെൻഷനിൽ (ഇന്ന് 29920/- രൂപ) പരിമിതപ്പെടുത്തി, ടിയാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ പദവി ഒഴിയുന്ന തീയതി മുതൽ പ്രാബല്യത്തിൽ പുതുക്കിയ പെൻഷൻ അനുവദിക്കുന്നതാണ്.

**v)** അതോടൊപ്പം ഈ നിരക്കിൽ (സംസ്ഥാന സർവ്വീസിലുള്ള പരമാവധി പെൻഷൻ) പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി എന്നിവ പുനർ നിർണ്ണയിച്ച് അതിൽ നിന്നും ഉപഖണ്ഡിക (i) - ൽ പറയുന്ന പ്രകാരമുള്ള തുക കുറവ് ചെയ്ത് വരുന്ന ബാക്കി തുക നല്കുന്നതാണ്.

**4)** എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന

ഡോ.കെ.എസ്.രാധാകൃഷ്ണന് അനർഹമായ പെൻഷൻ ആനുകൂല്യം നൽകുക വഴി സർക്കാർ ഖജനാവിന് നഷ്ടം വരുന്ന സാഹചര്യമുണ്ടായതിനാൽ 31.03.2013 ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ.പി.എ.ആന്റണി ബഹു.മുഖ്യമന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചിരുന്നു.

5) ഡോ.രാധാകൃഷ്ണന് മന്ത്രിസഭായോഗ തീരുമാനപ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള പെൻഷൻ ആനുകൂല്യങ്ങൾ പുന:പരിശോധിക്കേണ്ടതുണ്ടോ എന്നതിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ആ വകുപ്പ് ചുവടെ കാണും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

ഭരണവകുപ്പിനെ ചുവടെ പറയും പ്രകാരം അറിയിക്കുന്നു.

*കോളേജ് വിദ്യാഭ്യാസ വകുപ്പിൽ റീഡറായിരിക്കെയാണ് ഡോ.കെ.എസ്. രാധാകൃഷ്ണൻ കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസിലർ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോയതും 09.12.2008 ൽ സ്വയം വിരമിക്കുകയും ചെയ്തത്. കെ എസ് ആർ ഭാഗം 3 ചട്ടം 62 ന കീഴിലെ റൂളിംഗ് 1 പ്രകാരം കെ എസ് ആർ ഭാഗം 1 അദ്ധ്യായം XI ലെ അന്യസർവ്വീസ് സേവന ചട്ടങ്ങൾ പ്രകാരം ഡെപ്യൂട്ടേഷനിലായിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ അന്യ സർവ്വീസ് സേവനത്തിൽ വാങ്ങിച്ച ശമ്പളം യാതൊരു കാരണവശാലും പെൻഷനു വേണ്ടിയുള്ള വേതനമായി കണക്കാക്കുന്നതല്ല. ഇത്തരം കേസുകളിൽ ആ ഉദ്യോഗസ്ഥൻ അങ്ങനെയുള്ള അന്യസർവ്വീസിൽ അല്ലായിരുന്നെങ്കിൽ വാങ്ങുമായിരുന്ന ശമ്പളം മാത്രമാണ് പെൻഷൻ ആവശ്യത്തിനു വേതനമായി കണക്കാക്കേണ്ടത് എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇതിൽ നിന്നും ഡോ.കെ.എസ്.രാധാകൃഷ്ണനു കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസിലർ തസ്തികയിലെ അന്യസർവ്വീസ് കാലയളവിലെ ശമ്പളം പെൻഷനു പരിഗണിക്കുവാൻ പാടുള്ളതല്ല .*

*സർക്കാർ സർവ്വീസിൽ നിന്നും 09.12.2008 ൽ സ്വയം വിരമിച്ചതിനു ശേഷം 13.08.2011 ൽ ഡോ.കെ.എസ്.രാധാകൃഷ്ണൻ പി എസ് സി*

ചെയർമാനായി നിയമിതനായി. കെ എസ് ആർ ഭാഗം 3 ചട്ടം 92 പ്രകാരം ഇന്ത്യ ഗവൺമെന്റിന്റെയോ ഏതെങ്കിലും മറ്റ് സംസ്ഥാന സർക്കാരിന്റേയോ ജോലിയിൽ മുൻപ് ഏർപ്പെട്ടിരുന്ന ഒരാൾ, സംസ്ഥാന സർവ്വീസിലോ ഒരു ലോക്കൽ ഫണ്ടിന്റെ സർവ്വീസിലോ താല്ക്കാലികമോ സ്ഥിരമോ ആയി പുനർനിയമനം നേടുമ്പോൾ, അയാളുടെ മുൻ ജോലിയിൽനിന്നും ലഭിച്ച ഗ്രാറ്റുവിറ്റിയും ബോണസും പെൻഷനും സംബന്ധിച്ച തുക പ്രഖ്യാപിക്കുവാൻ അയാൾ ബാദ്ധ്യസ്ഥനാകുന്നു. പുനർനിയമന ഉത്തരവിൽ, പെൻഷനിൽ നിന്നും അല്ലെങ്കിൽ ശമ്പളത്തിൽ നിന്നും എന്തെങ്കിലും തുക കുറയ്ക്കേണ്ടതായിട്ടുണ്ടോ എന്ന വസ്തുത വ്യക്തമാക്കേണ്ടതും ഇങ്ങനെയുള്ള ഉത്തരവിന്റെ ഒരു പ്രതി ഓഡിറ്റ് ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ചട്ടം 100 പ്രകാരം വിരമിച്ച ഒരു സംസ്ഥാന സർക്കാർ ജീവനക്കാരന്റെ പുനർ നിയമന ശമ്പളം അയാൾ വിരമിച്ച സമയത്ത് വാങ്ങിച്ച ശമ്പളത്തിൽ നിന്നും അടിസ്ഥാന പെൻഷൻ കുറച്ചുള്ള തുകയായിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിരിക്കുന്നു . ഇതിൽ നിന്നും, സ .ഉ (കൈ) 25/2013/ ഉ.വി.വ തീയതി 31.01.2013 ഉത്തരവ് ഖണ്ഡിക (iv) പ്രകാരം ഡോ.കെ.എസ്.രാധാകൃഷ്ണന് സർക്കാർ, പി.എസ്.സി എന്നിവിടങ്ങളിലെ സേവനകാലം ഒരുമിച്ച് കണക്കാക്കി പി.എസ്.സി ചെയർമാന്റെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ശരാശരി വേതനം അനുമാനിച്ച് സർക്കാരിന്റെ പരമാവധി പെൻഷനിൽ പരിമിതപ്പെടുത്തി പെൻഷൻ അനുവദിച്ചത് ചട്ട പ്രകാരമല്ല എന്നും അറിയിക്കുന്നു .

ഇതിനു ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

6) ഈ വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

" പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ വകുപ്പിന്റെ ഉപദേശ പരിധിയിൽ വരാത്തതിനാൽ, വിഷയത്തിൽ ഈ വകുപ്പിന്

*പ്രത്യേകമായ അഭിപ്രായം രേഖപ്പെടുത്താനില്ല. ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ഭരണവകുപ്പിന് സ്വീകരിക്കാവുന്നതാണ്"*

7) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് മുമ്പുള്ള ടിയാന്റെ പെൻഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Last Pay | Rs. 54,580 /- |
| Pension (with effect from 10.12.2008) | Rs. 23,318 /- |
| Amount commuted | Rs. 9,327 /- |
| Commuted value of Pension | Rs 13,12,869/- |
| DCRG | Rs 7,00,000/- |

8) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ തസ്തികയിൽ നിന്നും പിരിഞ്ഞ ശേഷമുള്ള പെൻഷൻ പുനർ നിർണ്ണയവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| Last Pay | Rs 76,450 /- |
| Pension (with effect from 31.10.2016) | Rs 48,546 /- |
| Amount commuted | Rs 15,290 /- |
| Commuted value of pension | Rs 16,78,842/- |
| Reduced Pension | Rs.33,256/- |
| Gross DCRG | Rs 14,00,000/- |

9) നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന*

ശ്രീ.കെ.എസ്.രാധാകൃഷ്ണന് സർക്കാർ സർവ്വീസിലെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ പദവിയിലെയും സേവനം കാലം ഒരുമിച്ച് കണക്കാക്കിയും; സർക്കാർ സർവ്വീസിൽ നിന്നും സ്വയം വിരമിച്ച 09.12.2008 മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായി നിയമിതനായ 13.08.2011 വരെയുള്ള കാലയളവിനെ "സർവ്വീസ് ബ്രേക്ക്" ആയി കണക്കാക്കി ആയത് മാപ്പാക്കിയും, പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന്റെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ വേതനം കണക്കാക്കിയും സർക്കാർ സർവ്വീസിൽ ലഭ്യമാവുന്ന പരമാവധി പെൻഷൻ നല്കുന്നതിനായി മന്ത്രിസഭായോഗ തീരുമാനം കൈക്കൊള്ളുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31.01.2013 - ലെ സ.ഉ(കൈ) 25/2013/ഉ.വി.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി ഉത്തരവ് പ്രകാരം ടിയാന്റെ പെൻഷൻ നിർണ്ണയിച്ചിട്ടുള്ളത് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് ധനകാര്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്.

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 117A - യിൽ ചട്ട പ്രകാരം അർഹതപ്പെട്ടതിനെക്കാൾ തുക ഒരു ഓഫീസർക്ക് ഫൈനൽ പെൻഷനായി അനുവദിക്കപ്പെടുന്ന പക്ഷം ആയത് തിരിച്ചടയ്ക്കുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ അടങ്ങിയിരിക്കുന്നു. പ്രസ്തുത ചട്ടത്തിൽ താഴെ പറയും പ്രകാരമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

*"117A. If the amount of final pension granted to an officer is afterwards found to be an excess of that to which he is entitled under the rules, the pensioner shall be liable to refund such excess amount to Government. When any amount is liable to be refunded under this rule, the sanctioning authority shall serve on the pensioner a notice requiring him/her to refund the amount paid in excess within a period of two months from the date of receipt by him/her of the notice. On his/her failure to comply with such notice, the sanctioning authority shall order that such excess amount shall be adjusted by short payments of pension in future in such number of instalments as the authority may order. A similar procedure shall be adopted in the case of family pension also."*

ടി വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും ഓഫീസർക്ക് ഫൈനൽ പെൻഷനായി അനുവദിക്കപ്പെട്ട തുക ചട്ടങ്ങൾ പ്രകാരം ടിയാളിന് അനുവദനീയമായ തുകയേക്കാൾ കൂടുതലാണെന്ന് പിന്നീട് കണ്ടെത്തുന്ന പക്ഷം അധികമായി നല്കിയ തുക പെൻഷണർ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ് എന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. തിരിച്ചീടാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടി ക്രമങ്ങളും ചട്ടത്തിൽ വിശദീകരിച്ചിട്ടുള്ളതാണ്. ടി ചട്ടം 117A പ്രകാരം തുക തിരിച്ച് പിടിക്കുന്നതിന് ചട്ട പ്രകാരം സമയ പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ

*തന്നെ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഡോ.കെ.എസ്.രാധാകൃഷ്ണന് അധികമായി നല്കിയ തുക തിരിച്ചു പിടിക്കുന്നതിന് നിയമ തടസ്സമില്ലാത്തതാണ്. എന്നാൽ അധികമായി തുക അനുവദിച്ച് നല്കിയിട്ടുള്ളത് മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്നതിനാൽ തന്നെ അധികമായി അനുവദിക്കപ്പെട്ട തുക തിരിച്ചീടാക്കുന്നത് സംബന്ധിച്ചും ഉചിത തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.*

**10)** കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന ഡോ.കെ.എസ്.രാധാകൃഷ്ണന് അനുവദിച്ചു നല്കിയ പുതുക്കിയ പെൻഷൻ റദ്ദാക്കിടിയാൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് മുമ്പുള്ള പെൻഷൻ പുന:സ്ഥാപിച്ച് അധികമായി അനുവദിക്കപ്പെട്ട തുക കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 117A പ്രകാരം തിരിച്ചീടാക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട കാര്യം</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന ഡോ.കെ.എസ്.രാധാകൃഷ്ണന് സർക്കാർ 31.01.2013 ലെ സ.ഉ(കൈ) നം.25/2013/ഉ.വി.വ പ്രകാരം അനുവദിച്ചു നൽകിയ പുതുക്കിയ പെൻഷൻ റദ്ദാക്കിടിയാൾ പി.എസ്.സി ചെയർമാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതിന് മുമ്പുള്ള അർഹതപ്പെട്ട പെൻഷൻ പുന:സ്ഥാപിച്ച് അധികമായി അനുവദിക്കപ്പെട്ട തുക തിരിച്ചീടാക്കാമോ?